Talented Bankers Literary Panel
പുസ്തകപരിചയം 158

പരിചയപ്പെടുത്തുന്നത് -
ജയലക്ഷ്മി ശ്രീജിത്ത്
ബാങ്ക് ഓഫ് ബറോഡ,
പന്തളം ശാഖ.

കെ സരസ്വതി അമ്മയെ കുറിച്ചു അറിയുന്നത് മലയാള മനോരമയുടെ ഒരു സൺഡേ സപ്പ്ളിമെന്ററിലൂടെ ആണ്. പിന്നീട് കുറെ കാലത്തിനു ശേഷം ആണ് തിരുവല്ല ഡിസി ബുക്സിൽ നിന്നും സരസ്വതി അമ്മയുടെ സമ്പൂർണ കൃതികൾ വില പോലും നോക്കാതെ വാങ്ങുന്നത്. 1940 കളിൽ പുറത്തു വന്ന ആ കഥകൾ വായിച്ച് ശരിക്കും ഞെട്ടിപ്പോയി. എത്ര മാത്രം ധൈര്യവതി ആയിരുന്നിട്ടാണ് അന്നത്തെ കാലത്ത് ഇങ്ങനെ എഴുതാൻ കഴിഞ്ഞത്. എങ്കിലും 1940 കളിൽ ഏറെ സജീവമായി എഴുതി കൊണ്ടിരുന്ന അവർ അമ്പതുകളുടെ അവസാനത്തോടെ നിശ്ശബ്ദയായി. സാഹിത്യ ജീവിതത്തിന്റെ ആദ്യ ഘട്ടങ്ങളിൽ ചുറ്റുപാടുകളിൽ നിന്ന് ഒരുപാട് അപവാദങ്ങളും വ്യക്തിപരമായ വിമർശനങ്ങളും അവർക്ക് നേരെ ഉയർന്നു. പുരുഷനൊപ്പം സമൂഹത്തിൽ സ്ത്രീയും അംഗീകരിക്കപ്പെടുക എന്നതായിരുന്നു അവരുടെ രചനകളിൽ പുലർന്നിരുന്ന ലക്ഷ്യം. പുരുഷാധിപത്യ വ്യവസ്ഥയുടെ ഭാഗമായി നിൽക്കുന്ന സ്വത്വബോധം ആർജിച്ചിട്ടില്ലാത്ത സ്ത്രീകൾ മുതൽ റാഡിക്കൽ ഫെമിനിസത്തിന്റെ പ്രയോക്താക്കൾ വരെ അവരുടെ കഥാപാത്രങ്ങൾ ആയി വരുന്നു.

സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്നേഹം വല്ലാത്തൊരു മധുര പദാർത്ഥം ആണ്. ആ മാധുര്യത്തിൽ മയക്കി ഒരു മാന്ത്രവിദ്യക്കാരനെ പോലെ നിങ്ങൾക്ക് അവളെ എവിടെയും കൊണ്ട് പോകാം. എന്തും ചെയ്യിക്കാം. ആ വികാര മൂർച്ചയിൽ നിന്നും അവളുടെ ചേതനയെ ഉണർത്താൻ, അവളുടെ ബുദ്ധിക്കും വിവേകത്തിനും തരം കൊടുക്കാതെ നിങ്ങൾ ശ്രദ്ധിച്ചാൽ മാത്രം മതി. ആ തലകറക്കത്തിൽ നിന്നും അവൾ ഒരു കാലം വിമുക്ത ആകുമെന്ന് പേടിക്കണ്ട. എത്ര സത്യസന്ധമായ എഴുത്ത് എന്നു തോന്നുന്നില്ലേ. ഇതാണ് സരസ്വതി അമ്മയുടെ പ്രത്യേകത.
"ചില ചിത്രങ്ങൾ" എന്ന കഥ നോക്കാം.നാലു സ്ത്രീകൾ . നാലു തരത്തിൽ ഉള്ള ജീവിതങ്ങൾ. ആദ്യത്തേത് ഒരു ഭിക്ഷക്കാരി.നാലു മക്കൾ.കൂടാതെ ഗർഭിണിയും. പത്താം മാസം അടുക്കുമ്പോൾ പെട്ടെന്ന് അപ്രത്യക്ഷൻ ആകുന്ന അവൻ പ്രസവശേഷം കുഞ്ഞിന് മൂന്നാലു മാസം ആയാൽ എവിടുന്നോ വരും. എന്നിട്ടും ആ സ്ത്രീ പറയുക ആണ് ഭർത്താവിന്റെ സുഖം ആണ് തന്റെയും സുഖം. മറ്റൊരിടത്ത് പൂർവസ്നേഹത്തിന്റെ പിടിയിൽ നിന്നു വിട്ടു മാറി ഭാര്യയോടുള്ള കടമ നിർവഹിക്കാൻ മനസില്ലാത്ത ഭർത്താവ്. അടിമ ആയ ഭാര്യക്ക് അവകാശ വാദത്തിനു സ്ഥാനം എവിടെ? ധൈര്യം എവിടെ?

പ്രണയത്തിന്റെ ചതിയിൽ പെട്ടു വേശ്യ ആകേണ്ടി വന്ന സ്ത്രീ പുരുഷ കുലത്തിനോട് മൊത്തമായി ആണ് പ്രതികാരം വീട്ടുന്നത്. മഹത്തായ പ്രണയവും മൃദുലമായ ഹൃദയവും അവളുടെ ജീവിതത്തിനു നൽകിയ സമ്മാനം മഹപാപിനി എന്ന സ്ഥാനമാണ്. ദാരിദ്ര്യം കാരണം വീട്ടുവേലക്ക് പോകേണ്ടി വന്ന പെൺകുട്ടിയെ ഗൃഹനാഥൻ ഗർഭിണി ആക്കിയപ്പോൾ അവൾ നിവൃത്തി ഇല്ലാതെ കുഞ്ഞിനെ കൊന്നു കളയുന്നു. ആ കുറ്റത്തിനു അവൾ ജയിലിൽ ആകുന്നു. സ്ത്രീയുടെ സ്ത്രീത്വത്തെയും അശക്തിയെയും ലോക സാമ്രാട്ട് എന്നു അഭിമാനിക്കുന്ന പുരുഷൻ ആദരിക്കുന്ന രീതി. ഇതെല്ലാം നിത്യവും കണ്ടു കൊണ്ടിരുന്നിട്ടും പുരുഷന്റെ കരവലയത്തിന് അകത്താണ് തന്റെ സമസ്ത സുഖവും സ്ഥിതി ചെയ്യുന്നതെന്ന് വിശ്വസിക്കുകയും ആശിക്കുകയും ചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിനു ഒരു കുറവും ഇല്ല.

കഥാകാരിയെ കുറിച്ചു ഏകദേശം ഒരു ധാരണ കിട്ടിക്കാണും എന്നു കരുതുന്നു. ഇനി നിങ്ങൾ വായിക്കുക.
ടി പദ്മനാഭൻ സരസ്വതിയെ അമ്മയെ കുറിച് പറഞ്ഞത് കൂടി എഴുതി നിർത്താം. പൊറ്റക്കാടിന്റെയും പി സി കുട്ടികൃഷ്ണന്റെയും കഥകൾ ആർത്തിയോടെ വായിച്ചിരുന്ന കാലത്താണ് സരസ്വതി അമ്മയുടെയും കഥകൾ വായിച്ചത്. പിന്നീട് തകഴിയുടെയും വർക്കിയുടെയും ബഷീറിന്റെയും ദേവിന്റെയും അന്തർജനത്തിന്റെയും കാരൂരിന്റെയും കഥകൾ വായിക്കാൻ തുടങ്ങിയപ്പോഴും ഞാൻ സരസ്വതി അമ്മയുടെ കഥകൾ വായിച്ചു. ഇവരെയൊക്കെ പോലെ അത്രയേറെ ഒന്നും എഴുതി ഇല്ലെങ്കിലും അവരുടെ കഥകൾ മറ്റുള്ളവരുടേതിൽ നിന്നും തീർത്തും ഭിന്നം ആയിരുന്നു. കാല്പനികതയുടെ ഒരു പൊടി പോലും അവിടെ ഉണ്ടായിരുന്നില്ല. പലപ്പോഴും അവരുടെ ശബ്ദം പരുഷമായിരുന്നു. എങ്കിലും അതിനു സത്യത്തിന്റെ തിളക്കം ഉണ്ടായിരുന്നു.

കെ സരസ്വതി 'അമ്മ (1919-1975) എന്ന എഴുത്തുകാരിയെ കാലം വീണ്ടെടുക്കുകയാണ്. ആറു പതിറ്റാണ്ടു മുൻപ് സഹിത്യരംഗത്ത് കടന്നു വരികയും രണ്ടു ദശകം കൊണ്ട് സ്ത്രീവാദപരമായ നിശിത നിലപാടുകളുടെ ഗാഢമുദ്ര പതിഞ്ഞ ഒരു രചനലോകം അവശേഷിപ്പിക്കുകയും ചെയ്തു. ഇന്നിപ്പോൾ സജീവമായി തീർന്ന സ്ത്രീ വാദ ആശയങ്ങളുടെ പശ്ചാത്തലത്തിൽ അവർ പുനർജന്മം കൊള്ളുകയാണ്. വീണ്ടും സഹൃദയ ശ്രദ്ധയിലേക്ക് എത്തുകയാണ്

കെ സരസ്വതി അമ്മയുടെ കഥകൾ സമ്പൂർണം
ഡി സി ബുക്ക്സ്
വില 450/-